**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**3586** 20/06/2019-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ തണ്ടർ

| **ചോദ്യം**<br>**ശ്രീ.കെ.ജെ.മാക്സി** | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| **(എ)** പോലീസ് സേനയുടെ ശുദ്ധീകരണവുമായി ബന്ധപ്പെട്ട് ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളിൽ വിജിലൻസ് പരിശോധന നടത്തി എന്നറിയിക്കാമോ; | **എ)** ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ സംസ്ഥാന വ്യാപകമായി 54 പോലീസ് സ്റ്റേഷനുകളിൽ 22/01/2019-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. |
| **(ബി)** തുടർന്നും പോലീസ് സ്റ്റേഷനുകളിൽ ഇത്തരത്തിലുള്ള പരിശോധന നടത്താൻ സർക്കാർ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ; | **ബി)** പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾ/ കേസുകൾ ശരിയായ രീതിയിൽ അന്വേഷിക്കുന്നില്ല എന്ന് വിജിലൻസിന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന വ്യാപകമായി ഇത്തരത്തിൽ പരിശോധന നടന്നത്. ഇത്തരത്തിലുള്ള പരാതി വിജിലൻസിന് ലഭിക്കുന്ന മുറയ്ക്ക് തുടർന്നും പരിശോധന നടത്തുന്നതാണ്. |

Ajith

**സെക്ഷൻ ഓഫീസർ**